**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2483** **07-07-2022 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയുടെ വളർച്ച**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) |
| (എ) 2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയുടെ വളർച്ച എത്ര ശതമാനമായിരുന്നു; | (എ) വ്യവസായ വാണിജ്യ വകുപ്പിലെ എംഐഎസ് സംവിധാനത്തിലെ കണക്കുകൾ പ്രകാരം 2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ ആരംഭിച്ച സംരംഭങ്ങളുടെ വളർച്ച സംബന്ധിച്ച്, പട്ടിക തിരിച്ചുള്ള വിവരങ്ങൾ താഴെപ്പറയുന്നു. |

| വർഷം | ആരംഭിച്ച MSME സംരംഭങ്ങളുടെ എണ്ണം | വളർച്ച ശതമാനത്തിൽ |
|---|---|---|
| 2015-16 | 15492 | - 05.70 |
| 2016-17 | 15535 | 0.28 |
| 2017-18 | 15468 | -0.43 |
| 2018-19 | 13826 | -10.62 |
| 2019-20 | 13695 | -0.95 |
| 2020-21 | 11540 | -15.74 |
| 2021-22 | 15285 | 32.45 |

2015-16 മുതൽ 2017-18 വരെ സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം മേഖലയിൽ ശ്രദ്ധേയമായ നേട്ടം നിലനിർത്തിയിരുന്നു. എന്നാൽ 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ മഹാപ്രളയത്തിലും 2020-21 വർഷാദ്യം മുതൽ തുടരുന്ന കോവിഡ് മഹാമാരിയുടെയും പശ്ചാത്തലത്തിൽ പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളിൽ കുറവ് സംഭവിച്ചിരുന്നു. എന്നാൽ

| | | | |
|---|---|---|---|
| | | | 2021-22 വർഷം ഈ മേഖലയിൽ വീണ്ടും കൂടുതൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഈ കാലയളവിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ എത്ര തുകയുടെ നിക്ഷേപം ഉണ്ടായി, പുതുതായി എത്ര യൂണിറ്റുകൾ ആരംഭിച്ചു, എത്ര യൂണിറ്റുകൾ പ്രവർത്തനം നിലച്ചു എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമോ; | (ബി) | ഈ കാലയളവിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ 9,613 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. പുതുതായി ആകെ 1,00,841 MSME യൂണിറ്റുകൾ ആരംഭിച്ചു.<br><br>വിവിധ ജില്ലാവ്യവസായ കേന്ദ്രങ്ങളിൽ നിന്നുള്ള കണക്കുകൾ പ്രകാരം 945 യൂണിറ്റുകളുടെ പ്രവർത്തനം ടി കാലയളവിൽ നിലച്ചിട്ടുണ്ട്. |
| (സി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ പുതുതായി യൂണിറ്റുകൾ ആരംഭിച്ചതിനാൽ പുതുതായി എത്ര പേർക്കു തൊഴിൽ ലഭിച്ചു എന്നു വ്യക്തമാക്കുമോ? | (സി) | 2015-16 മുതൽ 2021-22 വരെയുള്ള കാലയളവിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ വഴി 3,71,440 പേർക്കു തൊഴിൽ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ